**കണ്ണൂർ സർവ്വകലാശാല**
**(സിംഗിൾ വിൻഡോ )**

അക്കാഡ്/SWC/11475/2021 തീയതി: 20.10.2021

<u>പ്രസിദ്ധീകരണത്തിന്</u>

**യു. ജി അഞ്ചാം ഘട്ട അലോട്ട്മെൻറ് നിർദ്ദേശങ്ങൾ**

2021 - 22 അധ്യയന വർഷത്തെ ബിരുദ പ്രവേശനത്തിനുള്ള അഞ്ചാം ഘട്ടഅലോട്ട്മെൻറ് **http://www.admission.kannuruniversity.ac.in/** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അപേക്ഷകർ ആപ്ലിക്കേഷൻ നമ്പറും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് തങ്ങളുടെ അലോട്ട്മെൻറ് പരിശോധിക്കേണ്ടതും അഞ്ചാം അലോട്ട്മെൻറിൽ ആദ്യമായി (First time) അലോട്ട്മെൻറ് ലഭിച്ചവർ 2021 ഒക്ടോബർ 21 ന് അകം SBI e-pay വഴി അഡ്മിഷൻ ഫീസ് നിർബന്ധമായും അടക്കേണ്ടതുമാണ്. മറ്റു രീതികളിൽ ഫീസ് അടച്ചാൽ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല. **ഫീസ് അടക്കാത്തവർക്ക്, ലഭിച്ച അലോട്ട്മെൻറ് നഷ്ടമാകുകയും തുടർന്നുള്ള അലോട്ട്മെൻറ് പ്രക്രിയയിൽ നിന്ന് പുറത്താവുകയും ചെയ്യും.** അഡ്മിഷൻ ഫീസ് ജനറൽ വിഭാഗത്തിന് 830/- രൂപയും SC/ST വിഭാഗത്തിന് 770/- രൂപയുമാണ്. ഒന്ന്, രണ്ട്, മൂന്ന്, നാല് അലോട്ട്മെൻറുകളിൽ അലോട്ട്മെൻറ് ലഭിച്ച്, ഫീസ് അടച്ച വിദ്യാർത്ഥികൾ വീണ്ടും ഹയർ ഓപ്ഷൻ ലഭിച്ചാൽ ഫീസ്

അടക്കേണ്ടതില്ല. അലോട്ട്മെൻറ് ലഭിച്ചവർ Pay Fees ബട്ടണിൽ ക്ലിക്ക് ചെയ്താണ് ഫീസടയ്ക്കേണ്ടത്. ഫീസടച്ചവർ ലോഗിൻ ചെയ്ത് അഡ്മിഷൻ ഫീസ് വിവരങ്ങൾ അവരുടെ പ്രൊഫൈലിൽ വന്നിട്ടുണ്ടോ എന്ന് ഉറപ്പു വരുത്തേണ്ടതാണ്. **അഡ്മിഷൻ ഫീസ് E PAY** വഴി **ഒടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെൻറ് റദ്ദാക്കുന്നതാണ്.**

<u>കോളേജ് പ്രവേശനം</u>

ഒന്ന്, രണ്ട്, മൂന്ന്, നാല് അലോട്ട്മെൻറുകളിൽ താത്കാലിക പ്രവേശനം നേടിയവർക്ക് അഞ്ചാം അലോട്ട്മെൻറിൽ ഹയർ ഓപ്ഷൻ ലഭിച്ചാൽ നിലവിൽ അഡ്മിഷൻ ലഭിച്ച കോളേജിൽ നിന്നും സർട്ടിഫിക്കറ്റുകൾ തിരിച്ചു വാങ്ങി പുതുതായി അലോട്ട്മെൻറ് ലഭിച്ച കോളേജിൽ മുഴുവൻ ഫീസുകളും അടച്ച് പ്രവേശനം നേടേണ്ടതാണ്. അഞ്ചാം അലോട്ട്മെൻറിൽ അലോട്ട്മെൻറ് ലഭിച്ച വിദ്യാർത്ഥികൾ 2021 ഒക്ടോബർ 22,23,25 തീയതികളിലായി അലോട്ട്മെൻറ് ലഭിച്ച **കോളേജുകളിൽ പ്രവേശനത്തിന് ഹാജരാകേണ്ടതാണ്.** അഞ്ചാം അലോട്ട്മെന്റുമുതൽ പ്രവേശനം നേടുന്നവർ സ്ഥിര പ്രവേശനമാണ് നേടേണ്ടത്. ഇതു വരെ താത്കാലിക പ്രവേശനം നേടിയ എല്ലാ വിദ്യാർത്ഥികളും ഹയർ ഓപ്ഷൻ ലഭിച്ചില്ലെങ്കിൽ മുഴുവൻ ഫീസുകളും അടച്ച് അതാതു കോളേജുകളിൽ സ്ഥിര പ്രവേശനം നേടേണ്ടതാണ്. **സ്ഥിര പ്രവേശനം നേടിയവർ ആവശ്യമില്ലെങ്കിൽ ഹയർ ഓപ്ഷൻസ് കാൻസൽ ചെയ്യേണ്ടതാണ്.** ഏതെങ്കിലും കാരണത്താൽ നിശ്ചിത തീയതിയിൽ അഡ്മിഷൻ എടുക്കാൻ സാധിക്കാത്തവർ, അതാത് കോളേജ് പ്രിൻസിപ്പാളുമായി ബന്ധപ്പെടേണ്ടതാണ് . അഡ്മിഷൻ ലഭിക്കുന്നതിനായി ഹാജരാക്കുന്നതിനുള്ള അലോട്ട്മെൻറ് മെമ്മോ വെബ്സൈറ്റിൽ നിന്നും ലഭ്യമാകുന്നതാണ്. അലോട്ട്മെൻറ് മെമ്മോയോടൊപ്പം താഴെക്കൊടുത്തിരിക്കുന്ന രേഖകളും പ്രവേശന സമയത്ത് അതാത് കോളേജുകളിൽ ഹാജരാക്കേണ്ടതാണ്.

1. ഓൺലൈൻ അപേക്ഷയുടെ പ്രിൻറ് ഔട്ട്, അലോട്മെൻറ് മെമ്മോ
2. രജിസ്ട്രേഷൻ ഫീസ്, സർവകലാശാല അഡ്മിഷൻ ഫീസ് എന്നിവ ഓൺലൈനായി അടച്ച

രസീതിൻറെ പ്രിൻറ് ഔട്ട്

3. യോഗ്യതാ പരീക്ഷയുടെ അസൽ മാർക്ക് ലിസ്റ്റ്

4. ജനനതീയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്

5. വിടുതൽ സർട്ടിഫിക്കറ്റ്

6. കോഴ്സ് & കോണ്ടക്ട് സർട്ടിഫികാറ്റ്

7. അസ്സൽ കമ്മ്യൂണിറ്റി/Caste സർട്ടിഫിക്കറ്റ് (SC/ST വിഭാഗങ്ങൾക്ക്), EWS വിഭാഗമാണെങ്കിൽ തെളിയിക്കുന്ന സർട്ടിഫിക്കറ്റ്

8. അസ്സൽ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് (SEBC വിഭാഗങ്ങൾക്ക്)

9. ഗ്രേസ് മാർക്ക് ലഭിക്കുന്നതിനാവശ്യമായ അസ്സൽ സർട്ടിഫിക്കേറ്റ്

10. HSE,VHSE,THSE,CBSC,CISCE,NIOS,കേരള പ്ലസ് ടു തുല്യത പരീക്ഷ എന്നിവ ഒഴികെ മറ്റു ബോർഡുകളിൽ നിന്നും യോഗ്യത പരീക്ഷ പാസായവർ കണ്ണൂർ സർവകലാശാലയുടെ Recognition Certificate ഹാജരാക്കേണ്ടതാണ്

11.നേറ്റിവിറ്റി തെളിയിക്കുന്നതിനാവശ്യമായ ഏതെങ്കിലും രേഖ.

12.അപേക്ഷയിൽ കൊടുത്തിരിക്കുന്ന മറ്റ് ആനുകൂല്യങ്ങൾ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്

## ഫീസടച്ച വിവരങ്ങൾ അടങ്ങിയ പ്രിൻറ് ഔട്ട്

ഓൺലൈൻ രജിസ്റ്റർ ചെയ്ത എല്ലാ വിദ്യാർത്ഥികളും ഫീസടച്ചതിൻറെ വിവരങ്ങൾ അടങ്ങിയ പ്രിൻറ് ഔട്ട് കൈവശം സൂക്ഷിക്കേണ്ടതും അഡ്മിഷൻ സമയത്ത് നിർബന്ധമായും കോളേജിൽ ഹാജരാക്കേണ്ടതുമാണ്.

## കമ്മ്യൂണിറ്റി ക്വാട്ടാ റാങ്ക് ലിസ്റ്റ്

UG കമ്മ്യൂണിറ്റി ക്വാട്ടയിലേക്ക് അപേക്ഷിച്ചവരുടെ റാങ്ക് ലിസ്റ്റ് 21.10.2021 ന് കോളേജുകളിൽ പ്രസിദ്ധീകരിക്കുന്നതാണ്. അപേക്ഷകർ അതാതു കോളേജുമായി ബന്ധപ്പെടാവുന്നതാണ്

കൂടുതൽ വിവരങ്ങൾക്ക് www.admission.kannuruniversity.ac.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

ഹെൽപ്പ് ലൈൻ നമ്പറുകൾ : 0497-2715261, 7356948230.

e-mail id: ugsws@kannuruniv.ac.in

ഒപ്പ്/-
ഡെപ്യൂട്ടി രജിസ്ട്രാർ(അക്കാഡ്)
രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്:

1. PRO
2. Web Manager
3. IT Cell
4. Enquiry

വിതരണാനുമതിയോടെ

സെക്ഷൻ ഓഫീസർ